പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2279 — 15.07.2011 - ൽ മറുപടിക്ക്

# ദേശീയപാതകളുടെ സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊ.മരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | ദേശീയ പാതകൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ; | (എ) | ദേശീയപാത 17, 47 എന്നിവ 45 മീറ്റർ വീതിയിൽ 4 വരി പാതയായി ദേശീയപാത വികസന പദ്ധതി മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയും, ദേശീയപാതകളായ NH 49, NH 212, NH 213, NH 208, NH 220 എന്നിവ ദേശീയപാതാ വികസന പദ്ധതി നാലാം ഘട്ടത്തിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടുകൂടി രണ്ടു വരി പാതയാക്കി വികസിപ്പിക്കാനും കേന്ദ്ര മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് ഭീമമായ തുക ആവശ്യമായതിനാൽ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (PPP) രീതിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമൂലം കിടപ്പാടവും ഉപജീവനവും നഷ്ടപ്പെടുന്നവർക്ക് നൽകേണ്ടുന്ന പുനരധിവാസപാക്കേജുമായി ബന്ധപ്പെട്ടുള്ള ചില പ്രശ്നങ്ങൾ കാരണം പ്രസ്തുത ദേശീയപാതകളുടെ പണി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. എൻ.എച്ച് 220 ഒഴികെയുള്ള മറ്റ് എല്ലാ ദേശീയപാതകളുടെയും സാധ്യതാ പഠന റിപ്പോർട്ട് കൺസൾട്ടന്റിനെ നിയോഗിച്ച് തയ്യാറാക്കുകയുണ്ടായി. ഇതിൽ കേന്ദ്രമന്ത്രാലയം എൻ.എച്ച്-208-ഉം എൻ.എച്ച് |

| | | | |
|---|---|---|---|
| | | | 212 ലും സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതിന് RFQ (Requisite for Qualification) ക്ഷണിക്കുകയും സംരംഭകരുടെ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എൻ.എച്ച്-220 ന്റെ അലൈൻമെന്റ് കൺസൾട്ടന്റ് മുഖേന തയ്യാറാക്കി കൊണ്ടിരിക്കുന്നു. |
| (ബി) | സ്വകാര്യ സംരഭകരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | കേന്ദ്ര ഗവൺമെന്റിന്റെ പ്ലാനിംഗ് കമ്മീഷൻ വിഭാഗം പ്രസിദ്ധീകരിച്ചിട്ടുള്ള PPP -യുടെ മാനദണ്ഡങ്ങൾ (Guidelines for PPP – പ്രീക്വാളിഫിക്കേഷൻ ഓഫ് ബിഡ്ഡേഴ്സ്) അനുസരിച്ചാണ് സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നത്. നീതിയുക്തവും, സുതാര്യവും താരതമ്യേന ചെലവു കുറഞ്ഞതുമായ വിധത്തിൽ സംരംഭകരെ കണ്ടെത്തുവാനുള്ള മാനദണ്ഡങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. പ്രധാനമായും രണ്ട് സ്റ്റേജായിട്ടാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. ഒന്നാമത്തെ സ്റ്റേജ് - റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) എന്നും രണ്ടാമത്തെ സ്റ്റേജ് റിക്വസ്റ്റ് ഫോർ പ്രപ്പോസൽ (RFP) എന്നും അറിയപ്പെടുന്നു. RFQ പ്രകാരം സംരഭകരെ. സാങ്കേതികമികവ് സാമ്പത്തിക കഴിവ് എന്നീ മാനദണ്ഡങ്ങൾ അനുസരിച്ച് ഷോർട്ട്ലിസ്റ്റ് ചെയ്യുന്നു.<br><br>(i) സാങ്കേതിക മികവ്.<br><br>കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിൽ സമാനമായ പ്രോജക്ടുകളിലുള്ള പരിചയം. (PPP രീതിയിൽ നടത്തിയിട്ടുള്ള പ്രോജക്ടുകൾ സമാനമായ പ്രോജക്ടുകളായി കണക്കാക്കുന്നു.) പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തുകയുടെ 20% അല്ലെങ്കിൽ 100 കോടി രൂപയുടെ എങ്കിലും പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. |

(ii) സാമ്പത്തിക കഴിവ് ;

അപേക്ഷകൻ കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് ചെയ്ത വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കണം. പ്രോജക്റ്റ് എസ്റ്റിമേറ്റ് തുകയുടെ 25% എങ്കിലും വാർഷിക വിറ്റുവരവ് അപേക്ഷകന് ഉണ്ടായിരിക്കണം.

മേൽപ്പറഞ്ഞ മാനദണ്ഡങ്ങളാണ് സ്വകാര്യ സംരംഭകനെ തെരഞ്ഞെടുക്കുന്നതിന് എൻ.എച്ച്.എ.ഐ. സ്വീകരിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**